meet the increasing need of building materails for massive programmes of building construction.

(c) We propose to have them in all the Districts.

കേരള സംസ്ഥാന വ്യവസായവികസന കോർപ്പറേഷന്റെ ധനാഗമമാർഗ്ഗങ്ങൾ

* 133 [176] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ധനാഗമമാർഗ്ഗങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ വർഷം ഓഹരിമൂലധനത്തിലേക്കായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് എത്രകോടി രൂപയാണ്;

(സി) കെ.എസ്.ഐ.സി.ഡി. യുടെ കീഴിൽ പുതുതായി പ്രോജക്റ്റുകൾ തുടങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര;

(ഡി) ഇതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം ഇക്കൊല്ലം ആരംഭിക്കുവാൻ കഴിയുമെന്ന് പറയാമോ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ധനാഗമമാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു:—

1. സംസ്ഥാന ഗവൺമെന്റിൽ നിന്നുള്ള ഓഹരിമൂലധനം
2. സംസ്ഥാന ഗവൺമെന്റിൽ നിന്നുള്ള വായ്പ.
3. ഗവൺമെന്റിന്റെ ഗ്യാരണ്ടിയോടുകൂടിയ പൊതുക്കടം.
4. കോർപ്പറേഷന്റെ സഹായം ലഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകളും തിരിച്ചടയ്ക്കുന്ന വായ്പത്തുകകളും.
5. കോർപ്പറേഷന്റെ സഹായം ലഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്ന ഡിവിഡന്റും പലിശയും.
6. ഐ. ഡി. ബി. ഐ. യിൽ നിന്നും ലഭിക്കുന്ന റീ ഫൈനാൻസ് വായ്പകളും.

(ബി) മൂന്നുകോടി രൂപ

(സി) ഉണ്ട്. 42 പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇക്കൊല്ലം ഏകദേശം 13 പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഭവനനിർമ്മാണ രംഗത്ത് ധനസഹായം നൽകുന്ന ഏജൻസികൾ

* 134 [178] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ രംഗത്ത് ധനസഹായം നൽകുന്നതിന് കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും ഏതെല്ലാം ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത ഏജൻസികൾ 1984–85 വർഷത്തിൽ സംസ്ഥാനത്ത് എത്ര തുക ഭവനനിർമ്മാണരംഗത്ത് ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേനയല്ലാതെ വ്യവസായ തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് ഏതെങ്കിലും സ്ഥാപനം ധനസഹായം ചെയ്യുന്നുണ്ടോ;

(ഡി) ഭവനനിർമ്മാണ രംഗത്ത് വ്യവസായ സ്ഥാപനങ്ങളുടെ പങ്ക് നിർവ്വഹിക്കുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ഭവനനിർമ്മാണ രംഗത്ത് കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും ധനസഹായം നൽകുന്ന ഏജൻസികൾ താഴെ പറയുന്നവയാണ്.

1. കേന്ദ്രതല ഏജൻസികൾ:

1. ഹഡ്കോ
2. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ
3. ജനറൽ ഇൻഷുറൻസ് കോർപ്പറേഷൻ
4. എച്ച്.ഡി.എഫ്.സി.

2. സംസ്ഥാനതല ഏജൻസികൾ:

1. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്.
2. കേരള സംസ്ഥാന സഹകരണ ഭവനനിർമ്മാണ ഫെഡറേഷൻ
3. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
4. കേരള സംസ്ഥാന മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ.
5. വിശാല കൊച്ചി വികസന അതോറിട്ടി
6. കോഴിക്കോട് വികസന അതോറിട്ടി
7. തിരുവനന്തപുരം വികസന അതോറിട്ടി
8. റെവന്യൂ ബോർഡ്
9. പൊതുമരാമത്ത് വകുപ്പ്
10. ഹരിജനക്ഷേമ വകുപ്പ്
11. ഗിരിജനക്ഷേമ വകുപ്പ്
12. ധനകാര്യ വകുപ്പ്
13. തൊഴിൽ വകുപ്പ്
14. മുനിസിപ്പാലിറ്റികൾ.

ഇവയ്ക്കു പുറമേ ദേശസാൽകൃത ബാങ്കുകളും മറ്റ് കമേഴ്സ്യൽ ബാങ്കുകളും ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്.

(ബി) 1. കേന്ദ്രതല ഏജൻസികൾ 1984–85-ൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ.

1. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ : 428 ലക്ഷം രൂപ
2. ജനറൽ ഇൻഷുറൻസ് കോർപ്പറേഷൻ : 250 ലക്ഷം രൂപ
3. ഹഡ്കോ—കണക്കുകൾ ലഭ്യമല്ല.
4. എച്ച്.ഡി.എഫ്.സി—കണക്കുകൾ ലഭ്യമല്ല.

2. സംസ്ഥാനതല ഏജൻസികൾ 1984–85-ൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ:

LIBRARY ARCHIVES Kerala Legislative Assembly

		രൂപ (ലക്ഷം)
1.	കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്	1357.07
2.	കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ	782.19
3.	കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ	223.34
4.	കേരള സംസ്ഥാന മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ	85.756
5.	വിശാലകൊച്ചി വികസന അതോറിട്ടി	538.96
6.	കോഴിക്കോട് വികസന അതോറിട്ടി	2.83
7.	തിരുവനന്തപുരം വികസന അതോറിട്ടി	ഒന്നും ചെലവഴിച്ചിട്ടില്ല
8.	റെവന്യൂ ബോർഡ്	300.83
9.	പൊതുമരാമത്ത് വകുപ്പ്	113.21055
10.	ഹരിജന ക്ഷേമ വകുപ്പ്	65.392
11.	ഗിരിജനക്ഷേമ വകുപ്പ്	69.556
12.	ധനകാര്യവകുപ്പ്	318.00
13.	തൊഴിൽ വകുപ്പ്	6.20
14.	മുനിസിപ്പാലിറ്റികകം	വിവരം ഇപ്പോഴം ലഭ്യമല്ല.
15.	ബാങ്കുകകം	വിവരം ഇപ്പോഴം ലഭ്യമല്ല.

(സി) എച്ച്.ഡി.എസ്.സി. നൽകുന്നുണ്ട്.

(ഡി) പല വ്യവസായ സ്ഥാപനങ്ങളും ഭവനനിർമ്മാണത്തിനായി ഇപ്പോഴംതന്നെ ധനസഹായം നൽകുന്നുണ്ട്. കൂടാതെ തൊഴിലാളികളുടെ ആവശ്യം കണക്കിലെടുത്ത് പാർപ്പിട സൗകര്യവും ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. ഭവനനിർമ്മാണ രംഗത്തെ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കാൻ അവയെ പ്രേരിപ്പിക്കുന്നതാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങകം

ഏറ്റവും കൂടുതൽ വീടുകളുള്ള ഹൗസിംഗ് കോളനി

233 [535] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങകം റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് സ്ഥാപിച്ചിട്ടുള്ള ഹൗസിംഗ് കോളനികളിൽ ഏറ്റവും കൂടുതൽ വീടുകളുള്ള ഹൗസിംഗ് കോളനി ഏതാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഹൗസിംഗ് കോളനി സ്ഥാപിക്കുവാൻ ഹൗസിംഗ് ബോർഡ് തീരുമാനം എടുത്തത് എന്നാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 328 വീടുകകം നിർമ്മിച്ചിട്ടുള്ള കളമശ്ശേരി റെ. നിർമ്മാണ പദ്ധതി.

(ബി) 25-6-1974-ൽ ആണ്.

LIBRARY ARCHIVES Kerala Legislative Assembly